പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.777

27.04..2017 ന് മറുപടിയ്ക്ക്.

# നൈപുണ്യ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാജേഷ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) നൈപുണ്യ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) 'നൈപുണ്യ' എന്ന പേരിൽ ഒരു പദ്ധതി വകുപ്പിൽ നടപ്പിലാക്കുന്നില്ല. തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കി വരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. മികവിന്റെ കേന്ദ്രങ്ങൾ<br>2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ<br>3. കൗശൽ കേന്ദ്രങ്ങൾ<br>4. എംപ്ലോയബിലിറ്റി സെന്ററുകൾ<br>5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)<br>6. കരിയർ ഡവലപ്മെന്റ് സെന്റർ |
| (ബി) നൈപുണ്യ യോഗ്യതാ ചട്ടക്കൂടിൽ ഉൾപ്പെടാത്തതിനാൽ കേരളത്തിൽ നിന്നുളള കുട്ടികൾക്ക് കേന്ദ്ര സർക്കാർ ജോലിക്ക് അപേക്ഷിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ കളിൽ നടത്തുന്ന ട്രേഡുകളുടെ സിലബസ് നൈപുണ്യ യോഗ്യതാ ചട്ടക്കൂടിൽ ( National Skill Qualification Frame Work)ൽ ഉൾപ്പെടുത്തി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT), ന്യൂഡൽഹി ഇതിനോടകം പരിഷ്കരിച്ചിട്ടുണ്ട്. സെന്റർ ഓഫ് എക്സലൻസും, അക്രഡിറ്റഡ് സ്ഥാപനങ്ങളും വഴി KASE നടപ്പിലാക്കുന്ന എല്ലാ നൈപുണ്യ പരിശീലന പദ്ധതികളും നൈപുണ്യ യോഗ്യതാ ചട്ടക്കൂടിനുള്ളിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Bindu

സെക്ഷൻ ഓഫീസർ